**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2553** **13-09-2023 - ൽ മറുപടിയ്ക്ക്**

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലഹരി നിർമ്മാർജന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ലഹരി വസ്തുക്കളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പോലീസ്, RPF, തീരദേശ സേന, ആരോഗ്യ വകുപ്പ് എന്നിവരുമായി ചേർന്ന് ഹോട്ടൽ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, തീരദേശം എന്നിവിടങ്ങളിൽ ശക്തമായ റെയിഡുകൾ നടത്തിയും ചെക്ക് പോസ്റ്റുകളുടെ ശക്തമായ പരിശോധന നടത്തിയും മയക്കുമരുന്നുമായി ബന്ധപ്പെട്ട സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ചും മയക്ക് മരുന്ന് ഉപയോഗം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എൻഫോസ്മെന്റ് ശക്തിപ്പെടുത്തിയും കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തി ലഹരി മാഫിയകളെ ഉന്മൂലനം ചെയ്യുന്നതിനുള്ള വിപുലമായ നടപടികൾ വനം, ഫിഷറീസ്, പട്ടികജാതി/പട്ടികവർഗ്ഗം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ ലഹരിയ്ക്കെതിരെ ഊർജ്ജിതമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ തലങ്ങളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ, ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ എസ്.പി.സി.യുമായി ചേർന്ന് പൊതുജനങ്ങൾക്കിടയിലും, സ്കൂളുകളിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, വനിത ശിശുവികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവരുടെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കുമിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിക്കെതിരെയുള്ള അവബോധം കുട്ടികളിലും പൊതുജനങ്ങളിലും വളർത്തിയെടുക്കുകയും മയക്കുമരുന്ന് ഇടപാടുകളിൽ ഏർപ്പെടുന്നവരുടെ വിവരശേഖരണം നടത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. |
| (ബി) | വിവിധതരം ക്യാമ്പയിനുകളും റെയ്ഡുകളും നടത്തിയിട്ടും ലഹരി വില്പന കേസുകൾ കുറയാത്തതിന്റെ കാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുള്ളത്. വകുപ്പിന്റെ പ്രവർത്തനം തുടർന്നും ശക്തിപ്പെടുത്തുന്നതാണ്. |
| (സി) | ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവരെയും ഉപയോഗിക്കുന്നവരെയും പിടികൂടുന്നുണ്ടെങ്കിലും ലഹരി എത്തിക്കുന്ന സംസ്ഥാനന്തര റാക്കറ്റുകളെ കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും പിടികൂടുന്നതിനും നടപടി സ്വീകരിക്കാമോ; | (സി) | ലഹരി വസ്തുക്കളുടെ വില്പന നടത്തുന്നവരെയും ഉപയോഗിക്കുന്നവരെയും പിടികൂടുന്നതിനും മയക്കുമരുന്നിന്റെ സ്രോതസ് കണ്ടെത്തുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനാന്തര ബന്ധമുള്ള ലഹരി കേസുകളുടെ അന്വേഷണം എക്സൈസ് ക്രൈംബ്രാഞ്ച് നടത്തിവരുന്നു. കൂടാതെ മയക്കുമരുന്ന് റാക്കറ്റുകളെ കുറിച്ച് എല്ലാതരം നൂതനവിവരസാങ്കേതിക വിദ്യകളിലൂടെയും അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിച്ച് വരുന്നു. രജിസ്റ്റർ ചെയ്യുന്ന കേസുകളിൽപ്പെട്ട പ്രതികളുടെ സി.ഡി.ആർ ലഭ്യമാക്കി വിശദമായ അന്വേഷണം നടത്തുകയും ഇതുമായി ബന്ധപ്പെട്ട എല്ലാവരെയും നിയമാനുസരണം പ്രതിസ്ഥാനത്ത് ചേർത്ത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | വിദ്യാലയങ്ങളിൽ കുട്ടികളെ കാരിയർമാരായി ഉപയോഗിച്ച് ലഹരി വിൽപ്പന നടത്തുന്ന സംഘങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | വിദ്യാലയങ്ങളിൽ കുട്ടികളെ കാരിയർമാരായി ഉപയോഗിച്ച് ലഹരി വില്പന നടത്തുന്ന സംഘങ്ങളെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | ലഹരിക്കടിമയാകുന്നവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ കൗൺസിലിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്താമോ; | (ഇ) | ലഹരിക്കടിമപ്പെട്ടവരെ കൗൺസിലിംഗ് നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മേഖലാ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. പ്രാഥമിക കൗൺസിലിംഗ് നൽകുന്നതിനായി തെരഞ്ഞെടുത്ത 30 എക്സൈസ് ജീവനക്കാരെ നിംഹാൻസ് മുഖേന പരിശീലനം നൽകി ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗ് നൽകി വരുന്നു. കൂടാതെ 14 ജില്ലകളിലും ജില്ലാ/താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് ലഹരിക്കടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗും നൽകുന്നതിനായി 14 ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളും വിമുക്തിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (എഫ്) | ലഹരി വില്പനയിലേക്ക് ആകർഷിക്കപ്പെടുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതടക്കമുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ടോ; വ്യക്തമാക്കാമോ? | (എഫ്) | നിലവിൽ ലഹരി വില്പനയിലേക്ക് ആകർഷിക്കപ്പെടുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതടക്കമുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് എൻ.ഡി.പി.എസ്. ആക്ടിലെ നിയമങ്ങൾ പര്യാപ്തമാണ്. ആയത് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ